ഫോറം റേഷൻ കടകൾ വഴി വിതരണം ചെയ്യുകയും ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളത് സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

**ഗുണമേന്മയുള്ള വിലകുറഞ്ഞ ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത**

263(277) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ളതും വിലകുറഞ്ഞതുമായ ഭക്ഷ്യ സാധനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഗുണനിലവാരം ഉറപ്പാക്കിയ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നതിനായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന ഉൽപ്പന്നങ്ങൾക്ക് പുറമേ ഇ-ടെണ്ടർ വഴി വാങ്ങുന്ന അരി, പയർ വർഗ്ഗങ്ങൾ, പഞ്ചസാര, മുളക്, മല്ലി മുതലായവ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമെ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

യഥാർത്ഥ ഉപഭോക്താവിന് മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കു എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിച്ചിട്ടുണ്ട്. SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വിൽപ്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 13-9-2016 (ഓണം-2016) വരെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാർക്കറ്റിടപെടൽ പദ്ധതി, സ്പെഷ്യൽ പഞ്ചസാര വിതരണം, ബി.പി.എൽ. കിറ്റ് വിതരണം എന്നീ വകയിൽ ഇതുവരെ 131. 42 കോടി രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

**പൊതുവിപണിയിലെ വിലക്കയറ്റം**

264(278) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ വിലക്കയറ്റം തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ ഓണക്കാലത്ത് വിലക്കയറ്റം തടയാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്;

(ഡി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ